# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 07-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 659

### 'എമർജിംഗ് കേരള' നടത്തിപ്പ് ചെലവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശശി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) 2012 സെപ്തംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരളയുടെ ഉദ്ഘാടന വേദിയൊരുക്കാൻ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ ;<br><br>(ബി) സ്റ്റേജ് ക്രമീകരണങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും സ്റ്റേജ് ക്രമീകരണങ്ങൾ നടത്തുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയത് എന്നും വ്യക്തമാക്കാമോ ; സ്റ്റേജ് ക്രമീകരണത്തിനായി തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നോ; ഏത് നടപടിക്രമം അനുസരിച്ചാണ് സ്റ്റേജ് ക്രമീകരണത്തിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നു വ്യക്തമാക്കാമോ ; | (എ) & (ബി) | എമർജിംഗ് കേരള നിക്ഷേപക സംഗമത്തിന്റെ ഉൽഘാടന വേദിയൊരുക്കുന്നതിനു മാത്രമായി 1,59,35,474 രൂപ ചെലവായിട്ടുണ്ട്.<br><br>എമർജിംഗ് കേരള 2012 ന്റെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി കെ.എസ്. ഐ.ഡി.സി. എംപാനൽ ചെയ്തിരുന്ന 5 അഡ്വൈർടൈസ്മെന്റ് ഏജൻസികൾ ക്കായി എമർജിംഗ് കേരളയുടെ നടത്തിപ്പിനോടനുബന്ധിച്ച് ഓരോ ചുമതലകൾ ഏൽപ്പിച്ചിരുന്നു.. എമർജിംഗ് കേരളയുടെ നടത്തിപ്പിനെക്കുറിച്ചുള്ള ഓരോ ഏജൻസിയുടേയും ആശയങ്ങൾ കെ.എസ്.ഐ.ഡി.സി. പ്രസന്റേഷൻ രൂപത്തിൽ പരിശോധിക്കുകയുണ്ടായി. അതിനെ ത്തുടർന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സ്റ്റേജ് ക്രമീകരണങ്ങൾ സ്റ്റാർക്ക് കമ്മ്യൂണിക്കേഷനെയാണ് ഏൽപ്പിച്ചിരുന്നത്. |
| (സി) എമർജിംഗ് കേരളയുടെ പരസ്യ പ്രചരണത്തിനായി ഏത് കമ്പനിയെയാണ് നിയോഗിച്ചതെന്നും ഈ ഇനത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ തുകയെത്രയെന്നും വ്യക്തമാക്കാമോ; | (സി) | എമർജിംഗ് കേരളയുടെ പരസ്യപ്രചാരണത്തിനായി കെ.എസ്.ഐ.ഡി.സി. എംപാനൽഡ് ഏജൻസികളായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, സൗഭാഗ്യ അഡ്വർടൈസിങ്ങ് സർവ്വീസ് എന്നിവരെയാണ് ഏൽപ്പിച്ചിരിരുന്നത്. പരസ്യ പ്രചാരണത്തിനായി പ്രസ്തുത കമ്പനിയ്ക്ക് നൽകിയ തുകയുടെ മുഖ്യ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഉദ്ഘാടനവേദി അലങ്കരിക്കുന്നതിനും ശബ്ദസംവിധാനം ഒരുക്കുന്നതിനും അവതാരകർക്ക് പ്രതിഫലം നൽകിയതിനുമായി ചെലവാക്കിയ തുക ഇനംതിരിച്ച് വെളിപ്പെടുത്തുമോ; | (ഡി) | ഉദ്ഘാടന വേദിയൊരുക്കുന്നതിന് 1,59,35,474 രൂപയും അവിടെയുള്ള ദൃശ്യ ശബ്ദ സംവിധാനങ്ങൾക്ക് 76,004 രൂപയും ചെലവായിട്ടുണ്ട്. അവതാരകർക്കായി ആകെ 3,59,000 രൂപ ചെലവായിട്ടുണ്ട്. |
| (ഇ) | എമർജിംഗ് കേരളയ്ക്കായി മൂന്നു ദിവസത്തെ ഭക്ഷണത്തിനും താമസത്തിനുമായി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ | (ഇ) | കൊച്ചിയിലെ ലേമെറിഡിയൻ ഹോട്ടലിലാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരളയുടെ മുഖ്യ ചടങ്ങുകൾ സംഘടിപ്പിച്ചത്. ഇതിനോടനുബന്ധിച്ച് ലേമെറിഡിയൻ ഉൾപ്പെടെ 11 ഹോട്ടലുകളിൽ വിശിഷ്ടാതിഥികൾക്കും നേതാക്കൾക്കും, ഉദ്യോഗസ്ഥർക്കും, പ്രാസംഗികർക്കും മറ്റു ക്ഷണിതാക്കൾക്കും വേണ്ടി നാന്നൂറോളം മുറികൾ രണ്ടു മുതൽ നാലു ദിവസത്തേക്ക് ഏർപ്പാടാക്കിയതിനും പ്രസ്തുത ചടങ്ങിലെ ഭക്ഷണ ക്രമീകരണങ്ങൾക്കും, മുറിവാടകയിനത്തിലുമായി 2,92,54,811/- രൂപ ചിലവായി. |
| (എഫ്) | എമർജിംഗ് കേരളയിലൂടെ കേരളത്തിൽ എത്ര തുകയുടെ നിക്ഷേപം നടന്നുവെന്നും നിക്ഷേപം നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | (എഫ്) | 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഈ 19 പദ്ധതികളുടെ മുതൽ മുടക്കായി ഏകദേശം 21,059.53 കോടി രൂപയാണ്പ്രതീക്ഷിക്കുന്നത്. 19 പദ്ധതികൾ സമർപ്പിച്ച നിക്ഷേപകരുടെ പട്ടിക അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| | | |
|---|---|---|
| 1 | Curtain raiser film | 29,21,360 |
| 2 | Compering fee | 2,44,000 |
| 3 | Document Kit making | 3;60,400/- |
| 4 | Cultural Programmes for the event | 14,04,500 |
| 5 | Event Management Fee | 17,52,688 |
| 6 | Stage Arrangements, Backdrops, Arches, Displays branding. Signage at Venue, creating posters showing site maps, floor plans | 1,59,35,474 |
| 7 | Management Support Fee | 21,75,290 |
| 8 | Road clearing and clearing charges | 1,10,543 |

അനുബന്ധം –II

| SL. No. | PROJECT | Company / Promoter |
|---|---|---|
| 1 | Kochi Refinery Expansion Project | BPCL |
| 2 | Petrochemical JV Projects of BPCl | JV with suitable partner (in talks with Manali Petrochemicals, Chennai) |
| 3 | Poly Is Butylene (PICB) Project | Kothari Petrochemicals, Chennai |
| 4 | Cumene Plant | Deepak Nitrite Ltd., (DNL) Vadodara |
| 5 | EPDM Rubber Project | Duncan Goenka Group |
| 6 | Eco-friendly Gypsum based new generati building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd.) |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions |
| 8 | Mini Food Par 9Bio Nutra Park) | Akay Flavours Group |
| 9 | Milk processing Plant | Muralya Dairy Product |
| 10 | Bio medical Devices Hub | Terumo Penpol, SCTIMST & HILL Lifecare Ltd. |
| 11 | Bio Similar Drug Manufacturing unit | Mir Group |
| 12 | HDPE Storage Tank manufacturing unit | Kelachandra Group |
| 13 | Pre-stressed& Pre-fabricated Housing Component | E-Cub Structural combines |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures |
| 15 | Automatic Concrete Block Manufacturin Unite | Tasa Blocks & Tiles |
| 16 | Ready-to-Eat & Ready-to-Cook Food Ite | Chandrakanth Enterprises |
| 17 | Dairy farm & Meat processing unit | Idukki District Pravasi Co-operative Society |
| 18 | Animal husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs fro Gulf) |
| 19 | Integrates Dairy Farm | Palmount Farms Idia Ltd. |